URGENT

നം: ഇ11/26059/16

വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം
എറണാകുളം, തിയതി.~~09.09.2016~~. 23/12/2016

പ്രേഷിതൻ

അസിസ്റ്റന്റ് പ്രൊവിഡന്റ് ഫണ്ട് ആഫീസർ,
എറണാകുളം.

സ്വീകർത്താവ്

ജില്ല/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ

സർ,

വിഷയം: കെ.എ.എസ്.ഇ.പി.എഫ് – ഗെയിൻ പിഎഫ് സംവിധാനം – അക്കൗണ്ട് തുകകളുടെ കൃത്യത ഉറപ്പു വരുത്തുന്നത് – റിപ്പോർട്ട് – ആവശ്യപ്പെടുന്നത് – സംബന്ധിച്ച്.

സൂചന: 1. ഈ ആഫീസിലെ സർക്കുലർ നം.ഇ11/18464/16, തിയതി.04.11.2016.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലർ നം. പി.എഫ്.ജനറൽ(3) /14012/10, തിയതി.19.11.16 –ൻമേലുള്ള ഈ ആഫീസിലെ പുറത്തെഴുത്ത് , ഇതേ നമ്പർ തിയതി. 02.12.2016.

======

മേൽ സൂചനകളിലേക്ക് താങ്കളുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. സൂചന പ്രകാരം ആവശ്യപ്പെട്ട റിപ്പോർട്ട് താങ്കളിൽ നിന്നും ഇതുവരെ ലഭ്യമായിട്ടില്ല. താഴെ സൂചിപ്പിക്കുന്ന റിപ്പോർട്ട് 31.12.2016–നകം പ്രത്യേക ദൂതൻ വഴി ഈ ആഫീസിൽ എത്തിക്കുവാൻ താൽപര്യപ്പെടുന്നു.

1. പി.എഫ്.അക്കൗണ്ട് നമ്പർ ഗെയിൻ പി.എഫ്.ലോ സ്പാർക്കിലോ തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ അത്തരത്തിലുള്ള ജീവനക്കാരുടെ ലിസ്റ്റ് , സ്കൂളുകളിൽ നിന്നും ശേഖരിച്ച ലിസ്റ്റ് സമർപ്പിക്കേണ്ടതാണ്. ( പെൻ നം./ ജനന തിയതി സഹിതം)
2. പുതുതായി അഡ്മിഷൻ ലഭിച്ച ജീവനക്കാരുടെ അവരുടെ ആദ്യ വരിസംഖ്യ ശമ്പളത്തിൽ നിന്നും റിക്കവറി നടത്തിയതിനു ശേഷം ഗെയിൻ പി.എഫ്.ൽ ഉൾപ്പെടുത്തുന്നതിനുള്ള അധ്യാപകരുടെ ലിസ്റ്റ്.
3. പ്രൊട്ടക്ടഡ് / റിട്രഞ്ച്ഡ് അധ്യാപകരെ ഗവ.സ്കൂളിലും , മറ്റ് എയ്ഡഡ് സ്കൂളിലും , ബി.ആർ.സി.യിലും പുനർവിന്യസിച്ചവരെ ഗെയിൻ പി.എഫ്.ൽ ഉൾപ്പെടുത്തുന്നതിനുള്ള ലിസ്റ്റ്.
4. ഗവ.സ്കൂളിൽ പ്രധാനാദ്ധ്യാപകരെ ( പ്രൊട്ടക്റ്റഡ് അധ്യാപകർ ജോലി ചെയ്യുന്ന സ്കൂളിലെ ) ഗെയിൻ പി.എഫ്.ൽ ഉൾപ്പെടുത്തുന്നതിന് പെൻ നമ്പർ, ജനന തിയതി, സ്പാർക്ക് കോഡ്എന്നിവയടങ്ങിയ ലിസ്റ്റ്.
5. 2015–16–ലെ പി.എഫ്.ക്രെഡിറ്റ് കാർഡ് ഇതുവരെ ലഭിക്കാത്തവരുടെ ലിസ്റ്റ്.

അക്കൗണ്ട് നമ്പറും മറ്റും ഗെയിൻ പി.എഫ്.ൽ എത്രയും പെട്ടെന്ന് അപ്ഡേറ്റ് ചെയ്യുന്നതിന് ധനകാര്യ വകുപ്പിൽ നിന്നും/ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും കർശന നിർദേശം ലഭിച്ചിട്ടുള്ളതിനാൽ നിശ്ചിത തിയതിക്ക് മുൻപായി റിപ്പോർട്ട് നൽകേണ്ടതാണ്. പ്രസ്തുത തിയതിക്ക് ശേഷം അക്കൗണ്ട് നമ്പർ എഡിറ്റ് ചെയ്യുന്നതിനുള്ള ഓപ്ഷൻ, ഗെയിൻ പി.എഫ്. സൈറ്റിൽ നിന്നും ഒഴിവാക്കുന്നതും, അപ്പോഴത്തെ ഗെയിൻ പി.എഫ്. വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ലോക്ക് ചെയ്യുന്നതിനാൽ ഈ വിഷയത്തിന് അടിന്തിര പ്രധാന്യം നൽകണമെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ

അസിസ്റ്റന്റ് പ്രൊവിഡന്റ് ഫണ്ട് ആഫീസർ,
എറണാകുളം.

എൻ.എസ്.23.12